ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 04.08.2024 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമു, ത്രിരാഷ്ട്ര സന്ദർശനത്തിനായി അല്പസമയത്തിനകം യാത്ര തിരിക്കും.

   **President Draupadi Murmu will leave shortly for a three-nation visit.**

2. ഹിമാചൽ പ്രദേശിൽ മേഘവിസ്ഫോടനവും മണ്ണിടിച്ചിലും; 44 പേരെ കാണാതായി. രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി സൈന്യം.

   **Cloudburst and landslides in Himachal Pradesh; 44 people are missing. The army intensified the rescue and relief operations.**

3. വയനാട് ഉരുൾപ്പൊട്ടൽ മേഖലയിലെ ദുരിതബാധിതരുടെ പുനരധിവാസത്തിന് മാതൃകാ പദ്ധതി തയാറാക്കുമെന്ന് മന്ത്രി പി. രാജീവ്. പ്രദേശത്ത് ഇന്നത്തെ തിരച്ചിൽ അവസാനിപ്പിച്ചു.

   **Minister P Rajeev says that a model plan will be prepared for the rehabilitation of the victims of the Wayanad landslides. The search in the area has been called off for today.**

4. വിദ്യാർത്ഥി പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ ബംഗ്ലാദേശിൽ കർഫ്യൂ ഏർപ്പെടുത്തി.

   **Curfew imposed in Bangladesh in wake of student protests.**

5. പാരിസ് ഒളിമ്പിക്സിൽ ഇന്ത്യൻ പുരുഷ ഹോക്കി ടീം സെമിഫൈനലിൽ. ഏകദിന ക്രിക്കറ്റിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യയ്ക്ക് 241 റൺ വിജയലക്ഷ്യം.

**Indian men's hockey team in semi-finals at Paris Olympics. India set a target of 241 runs against Sri Lanka in ODI cricket.**

**&&&&&&&&&&&&&&&&**

## HEADLINE 1

## PREZ- VISIT

രാഷ്ട്രപതി ദ്രൗപദി മുർമു, ത്രിരാഷ്ട്ര സന്ദർശനത്തിനായി അല്പസമയത്തിനകം യാത്ര തിരിക്കും. ഫിജി, ന്യൂസിലാൻഡ്, തിമോർ ലെസ്റ്റെ എന്നീ രാജ്യങ്ങളാണ് രാഷ്ട്രപതി സന്ദർശിക്കുന്നത്. ആദ്യം ഫിജിയിലെത്തുന്ന രാഷ്ട്രപതി തലസ്ഥാന നഗരിയായ സുവയിൽ ഉഭയകക്ഷി ചർച്ചയിൽ പങ്കെടുക്കും. ഫിജിയൻ പാർലമെന്റിനെ രാഷ്ട്രപതി അഭിസംബോധന ചെയ്യും. തുടർന്ന് ന്യൂസിലാൻഡിലെത്തുന്ന രാഷ്ട്രപതി വിവിധ യോഗങ്ങളിൽ പങ്കെടുക്കും. വെല്ലിംഗ്ടണിൽ ഒരു അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തെയും ശ്രീമതി മുർമു അഭിസംബോധന ചെയ്യും. ഓക് ലൻഡിൽ ഇന്ത്യൻ സമൂഹവുമായും രാഷ്ട്രപതി സംവദിക്കും. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ തിമോർ ലെസ്റ്റെയിൽ എത്തുന്ന രാഷ്ട്രപതി തലസ്ഥാന നഗരമായ ഡിലിയിൽ ഉഭയകക്ഷി യോഗങ്ങൾ നടത്തും. തിമോറിലെ ഇന്ത്യൻ സമൂഹമവുമായും ശ്രീമതി ദ്രൗപദി മുർമു സംവദിക്കും.

**&&&&&&&&&&&&&&&&**

## HEADLINE 2

## HP CLOUD BRUST

ഹിമാചൽ പ്രദേശിൽ മേഘവിസ്ഫോടനവും മണ്ണിടിച്ചിലും ഉണ്ടായതിനെ തുടർന്ന് ഷിംല, മാണ്ഡി, കുളു ജില്ലകളിലെ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഇന്ത്യൻ സേന ശക്തമാക്കി. ദുരന്തത്തിൽ 44 പേരെയാണ് കാണാതായത്. സമേജിൽ 90 ഓളം പേരെ കരസേനയുടെ മെഡിക്കൽ ക്യാമ്പിലേക്ക് മാറ്റിയതായി സൈന്യം അറിയിച്ചു. സൈന്യത്തിന് പുറമേ ദേശീയ സംസ്ഥാന ദുരന്ത പ്രതികരണ സേനകളും രക്ഷാപ്രവർത്തനത്തിൽ സജീവമാണ്. കരസേനയുടെ കൂടുതൽ സംഘങ്ങളെ വിന്യസിച്ചതായും, അവശ്യ വസ്തുക്കൾ സമാഹരിച്ചതായും പ്രതിരോധ മന്ത്രാലയം അറിയിച്ചു. ലാഹൗൽ സ്പിതി

ജില്ലയിൽ ബോർഡർ റോഡ് ഓർഗനൈസേഷൻറെ രണ്ട് പാലങ്ങൾക്കും കേടുപാടുകൾ സംഭവിച്ചിരുന്നു. ഇതിനെ തുടർന്ന് ഇതുവഴിയുള്ള ഗതാഗതം താൽക്കാലികമായി നിർത്തിവച്ചു.

&&&&&&&&&&&&&&&&

## HEADLINE 3

## WAYANAD DNA

വയനാട് ദുരന്ത മേഖലയിലെ തെരച്ചിലിൽ കണ്ടെത്തിയ മൃതശരീരങ്ങളും ശരീരഭാഗങ്ങളും തിരിച്ചറിയുന്നത്തിനുള്ള ശാസ്ത്രീയ പരിശോധനയ്ക്കായി ബന്ധുക്കളുടെ രക്തസാമ്പിൾ ശേഖരിച്ചു തുടങ്ങി. ദുരിതാശ്വാസ ക്യാമ്പുകളിലുള്ള ബന്ധുക്കളിൽ രക്ത പരിശോധനയ്ക്ക് തയ്യാറായിട്ടുള്ളവർക്ക് കൗൺസിലിങ് നൽകിയ ശേഷമാണ് സാമ്പിൾ ശേഖരിക്കുന്നത്. അതേസമയം, ദുരിതബാധിതരുടെ പുനരധിവാസത്തിന് മാതൃകാ പദ്ധതി തയാറാക്കുമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. എല്ലാവരുടെയും പിന്തുണയോടെ സുരക്ഷിതമായ ടൗൺഷിപ്പ് രൂപത്തിലുള്ള പദ്ധതിയാണ് സർക്കാർ ലക്ഷ്യമിടുന്നത്. ദുരന്തത്തിനിരയായി മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളെ വളർത്താൻ അപേക്ഷ സ്വീകരിക്കുന്നുണ്ടെന്നുൾപ്പെടെ സമൂഹമാധ്യമങ്ങളിലും മറ്റും വ്യാജ പ്രചരണം നടത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാൻ ആരോഗ്യ മന്ത്രി വീണാ ജോർജ് നിർദേശം നൽകി.

&&&&&&&&&&&&&&&&

## WAYANAD - GENERAL

വയനാട് ഉരുൾപ്പൊട്ടൽ നടന്ന മുണ്ടക്കൈ, ചൂരൽമല പ്രദേശത്ത് കാണാതായവർക്കായുള്ള തിരച്ചിൽ ഇന്നത്തേയ്ക്ക് അവസാനിപ്പിച്ചു. ഇന്നത്തെ തിരച്ചിലിൽ ഒരു മൃതദേഹമാണ് കണ്ടെത്തിയത്. ചാലിയാർ പുഴയുടെ തീരത്ത് നിന്നാണ് മൃതദേഹം കണ്ടെത്തിയത്. നിലവിൽ ആറ് സോണുകളായി തിരിച്ചാണ് തിരച്ചിൽ നടക്കുന്നത്. നാളെ മുതൽ ചാലിയാറിൻറെ ഭാഗങ്ങൾ കേന്ദ്രീകരിച്ചായിരിക്കും തിരച്ചിൽ. തിരിച്ചറിയാത്ത 8 മൃതദേഹങ്ങൾ അല്പസമയത്തിനകം മേപ്പാടി പുത്തുമലയിൽ സംസ്കരിക്കും. ദുരന്തനിവാരണ നിയമമനുസരിച്ച്

ഹാരിസൺ മലയാളം പ്ലാന്റേഷനിൽ കണ്ടെത്തിയ 64 സെന്റ് സ്ഥലത്ത് സർവ്വമത പ്രാർത്ഥനയോടെയാണ് സംസ്കാരം.

## GEORGE KURIAN - PM

പ്രധാനമന്ത്രി നരേന്ദ്രമോദിയെ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ സന്ദർശിച്ചു. വയനാട്ടിൽ കേന്ദ്ര ഏജൻസികൾ നടത്തിയ ദുരിതാശ്വാസ-രക്ഷാ പ്രവർത്തനങ്ങൾ സംബന്ധിച്ച് ആശയവിനിമയം നടത്തി.

&&&&&&&&&&&&&&&&

## SURESHGOPI

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി വയനാട്ടിലെ ഉരുൾപൊട്ടലുണ്ടായ മുണ്ടക്കൈ, ചൂരൽമല, പുഞ്ചിരിമട്ടം പ്രദേശങ്ങൾ സന്ദർശിച്ചു. ദുരിതബാധിതരുടെ മാനസിക ആരോഗ്യത്തിനും പുനരധിവാസത്തിനുമാണ് ഇപ്പോൾ പ്രാധാന്യം നൽകുന്നതെന്ന് ശ്രീ സുരേഷ് ഗോപി പറഞ്ഞു. ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിന്റെ നിയമവശം കേന്ദ്രസർക്കാർ പരിശോധിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്ന സൈനിക ഉദ്യോഗസ്ഥരുമായി അദ്ദേഹം സംസാരിച്ചു.

&&&&&&&&&&&&&&&&

## ARJUN- CM -KARNATAKA

കർണ്ണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജ്ജുനായുള്ള തെരച്ചിൽ പുനരാരംഭിക്കുന്നതിന് ഇടപെടണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ, കർണ്ണാടക മുഖ്യമന്ത്രിയ്ക്ക് കത്തയച്ചു. ഇന്ന് തിരച്ചിൽ പുനരാരംഭിക്കാൻ നിശ്ചയിച്ചിരുന്നെങ്കിലും ഇതുവരെ ആരംഭിച്ചിട്ടില്ലെന്നും അദ്ദേഹം കത്തിൽ സൂചിപ്പിച്ചു. അർജുൻറെ കുടുംബാംഗങ്ങളുടെ ഉത്കണ്ഠയും ദുഃഖവും കർണാടക മുഖ്യമന്ത്രിയെ അറിയിച്ചതായും ശ്രീ പിണറായി വിജയൻ സമൂഹമാധ്യമത്തിൽ അറിയിച്ചു. അർജുൻറെ വീടും മുഖ്യമന്ത്രി ഇന്ന് സന്ദർശിച്ചു.

&&&&&&&&&&&&&&&&

## REV. HM-CHANDIGARH

ഛണ്ഡിഗഢിലെ മണിമാജ്റയിലെ ജലവിതരണ പദ്ധതി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു. മുഴുവൻ സമയ ജല വിതരണ പദ്ധതിയുടെ പ്രയോജനം ഒരു ലക്ഷത്തിലധികം ജനങ്ങൾക്ക് ലഭിക്കുമെന്ന് അദ്ദേഹം പറഞ്ഞു. 160 കോടി രൂപയുടെ പദ്ധതിയിൽ ആദ്യ ഘട്ടം 75 കോടി രൂപയാണ് ചെലവഴിച്ചത്. ജലം പാഴാക്കുന്നത് പരമാവധി കുറയ്ക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് ശ്രീ. ഷാ വ്യക്തമാക്കി.

&&&&&&&&&&&&&&&&

## HEADLINE 4

## BANGLADESH: PROTEST

ബംഗ്ലാദേശിൽ വിദ്യാർത്ഥി പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ കർഫ്യൂ ഏർപ്പെടുത്തി. വിവിധ ആവശ്യങ്ങളുന്നയിച്ച് പ്രക്ഷോഭകാരികൾ സർക്കാർ വിരുദ്ധ സമരം ഊർജ്ജിതമാക്കി. അക്രമസംഭവങ്ങളിൽ 20 പേർ കൊല്ലപ്പെട്ടു. അനുനയചർച്ചയ്ക്കുള്ള സർക്കാരിന്റെ ക്ഷണം നിരസിച്ച പ്രതിഷേധക്കാർ ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജിവയ്ക്കണമെന്നും ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&

## BANGLADESH ADVISORY

ബംഗ്ലാദേശിലെ വിദ്യാർത്ഥി പ്രക്ഷോഭത്തിൻറെ പശ്ചാതലത്തിൽ ഇന്ത്യൻ എംബസി ജാഗ്രതാ നിർദേശം നൽകി. വിദ്യാർത്ഥി പ്രതിഷേധത്തിനിടെ ഉണ്ടായ സംഘർഷത്തിൽ ഒരാൾക്ക് വെടിയേറ്റു. സിലെറ്റിൽ താമസിക്കുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ഇന്ത്യാക്കാർ എംബസിയുമായി നിരന്തരം സമ്പർക്കം പുലർത്തണമെന്നും അധികൃതർ അറിയിച്ചു. ബംഗ്ലാദേശിലെ അസിസ്റ്റൻറ് ഇന്ത്യൻ ഹൈകമ്മിഷനിലെ പ്രതിനിധിക്കാണ് ഇന്ത്യൻ വംശജരുടെ ക്ഷേമം, വീസ തുടങ്ങിയവയുടെ ചുമതല.

&&&&&&&&&&&&&&&&

## HEADLINE 5

## OLYMPICS - INTRO

പാരിസ് ഒളിമ്പിക്സിൽ മെഡൽ പ്രതീക്ഷയുമായി ഇന്ത്യൻ പുരുഷ ഹോക്കി ടീം സെമിഫൈനലിൽ പ്രവേശിച്ചു. പെനാൽറ്റി ഷൂടൗട്ടിൽ 4-2 ന് ബ്രിട്ടനെ പരാജയപ്പെടുത്തിയാണ് ഇന്ത്യയുടെ മുന്നേറ്റം.

വിശദാംശങ്ങളിലേയ്ക്ക്...

(വോയിസ്)

## OLYMPICS- VOICE

ഹോക്കിയിൽ നിശ്ചിത സമയത്തിൽ ഓരോ ഗോളുകൾ വീതം നേടി ഇന്ത്യയും ബ്രിട്ടണും സമനിലയിൽ എത്തിയതോടെയാണ് കളി ഷൂട്ടൗട്ടിലേയ്ക്ക് നീണ്ടത്. ഇന്ത്യൻ ടീമിൻറെ ഗോൾകീപ്പറും മലയാളിയുമായ പി ആർ ശ്രീജേഷിൻറെ മികച്ച പ്രകടനം ഇന്ത്യൻ സംഘത്തിന് കരുത്തേകി. അതേസമയം ബാഡ്മിൻറൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ സെമിഫൈനലിൽ പുറത്തായി. ഡെൻമാർക്ക് താരത്തോടാണ് പരാജയപ്പെട്ടത്. ലക്ഷ്യസെൻ ഇനി വെങ്കല മെഡലിനായി പോരാടും. ബോക്സിംഗിൻറെ 75 കിലോഗ്രാം വിഭാഗത്തിൽ ലൊവ് ലീനയും ക്വാർട്ടർ ഫൈനലിൽ പരാജയപ്പെട്ടു. പുരുഷൻമാരുടെ ലോംങ്ജെമ്പിൽ ജെസ് വിൻ ഓൾഡ്രിൻ യോഗ്യതാ റൗണ്ടിൽ പുറത്തായി. വനിതകളുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചേയ്സിൽ പാറൂൽ ചൗധരിയും പുറത്തായത് ഇന്ത്യയ്ക്ക് നിരാശയേകി.

ന്യൂസ് ഡെസ്ക് ആകാശവാണി

&&&&&&&&&&&&&&&&

## HEADLINE 5 A

## CRICKET

ഇന്ത്യ-ശ്രീലങ്ക രണ്ടാം ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യക്ക് 241 റൺ വിജയലക്ഷ്യം. ടോസ് നേടി ബാറ്റിങ്ങിന് ഇറങ്ങിയ ശ്രീലങ്ക നിശ്ചിത ഓവറിൽ ഒൻപത് വിക്കറ്റ് നഷ്ടത്തിൽ 240 റൺ നേടി. ഇന്ത്യയുടെ മറുപടി ബാറ്റിംഗ് പുരോഗമിക്കുകയാണ്. ആദ്യ ഏകദിനം സമനില ആയിരുന്നു. മൂന്നു മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

&&&&&&&&&&&&&&&&

## RAIN KERALA

വടക്കൻ കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെ ന്യൂനമർദ്ദ പാത്തി സ്ഥിതിചെയ്യുന്നതിന്റെ ഫലമായി, സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരള, തമിഴ്നാട് തീരങ്ങളിൽ നാളെ അർധരാത്രി വരെ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. ഈ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിയ്ക്കണമെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&

## MUMBAI RAINFALL

കനത്ത മഴയെ തുടർന്ന് മുംബൈയിലെ സത്താര ജില്ലയിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. 8 ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. ഖടക് വാസ്ല അണക്കെട്ടിൽ നിന്ന് അധികജലം ഒഴുക്കിവിട്ടതിനെ തുടർന്ന് ഏക്താ നഗർ പ്രദേശത്ത് വെള്ളക്കെട്ട് രൂപപ്പെട്ടു. ഇതിൻറെ അടിസ്ഥാനത്തിൽ പ്രദേശത്ത് കരസേനയെ വിന്യസിച്ചു. നാസിക്കിലും പൂനെയിലും ശക്തമായ മഴ തുടരുകയാണ്.

&&&&&&&&&&&&&&&&

## J-K GANDERBAL CLOUDBURST

കശ്മീരിലെ ഗന്ദേർബൽ ജില്ലയിൽ ഉണ്ടായ മേഘവിസ്ഫോടനത്തെ തുടർന്ന് ശ്രീനഗർ-ലേ ദേശീയപാതയിൽ ഗതാഗതം തടസപ്പെട്ടു. ദേശീയ പാതയിലേക്ക് ഇടിഞ്ഞു വീണ മണ്ണ് മാറ്റി ഗതാഗതം പുനസ്ഥാപിക്കാൻ ശ്രമങ്ങൾ തുടരുകയാണ്. നിരവധി വീടുകൾക്ക് കേടുപാടും സംഭവിച്ചിട്ടുണ്ട്. ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

&&&&&&&&&&&&&&&&

## MP - NINE DIED

മധ്യപ്രദേശിലെ സാഗർ ജില്ലയിൽ ക്ഷേത്ര മതിൽ ഇടിഞ്ഞുവീണ് ഒൻപത് കുട്ടികൾ മരിച്ചു. ഷാഹ്പൂരിലെ ഹർധൗൾ ബാബ ക്ഷേത്രത്തിലെ ചടങ്ങിനിടെയാണ് അപകടം ഉണ്ടായത്. പരിക്കേറ്റ കുട്ടികളെ ആശുപത്രിയിലേക്ക് മാറ്റി. മുഖ്യമന്ത്രി മോഹൻ യാദവ് സംഭവത്തിൽ അതീവ ദുഃഖം രേഖപ്പെടുത്തി. മരിച്ച കുട്ടികളുടെ ബന്ധുക്കൾക്ക് സർക്കാർ 4 ലക്ഷം രൂപ ധനസഹായവും പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&

## CIVIL AVIATION- CIAL

ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റിയുടെയും വ്യോമയാന മന്ത്രാലയത്തിന്റെയും നേതൃത്വത്തിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ, നാളെ മുതൽ വ്യോമയാന സുരക്ഷാ വാരാചരണം സംഘടിപ്പിക്കും. വ്യോമയാന സുരക്ഷയെക്കുറിച്ചുള്ള യാത്രക്കാരുടെ അവബോധം വർദ്ധിപ്പിക്കുക, പൊതുജനങ്ങൾക്കിടയിൽ ജാഗ്രതയും ഉത്തരവാദിത്ത ബോധവും വളർത്തിയെടുക്കുക എന്നിവയാണ് വാരാചരണത്തിലൂടെ ലക്ഷ്യമിടുന്നത്. വ്യോമയാന സുരക്ഷ മികച്ച രീതിയിൽ പരിപാലിക്കാനും അത് വഴി സുരക്ഷിത യാത്ര ഉറപ്പാക്കാനും കൂട്ടായ ശ്രമങ്ങൾ നിർണായകമാണ്.

&&&&&&&&&&&&&&&&
&&&&&&&&&&&
&&&